കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 3 | ഒക്ടോബർ 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കൃഷി വകുപ്പ് മീറ്റിംഗുകളിൽ സുതാര്യതയുമായി കൃഷി വകുപ്പിന്റെ വെളിച്ചം പദ്ധതി: ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി നിർവ്വഹിക്കും

5 മൃഗസംരക്ഷണത്തിന് കൈത്താങ്ങായി കുടുംബശ്രീ വനിതകൾ

7 കേരളാ ചിക്കൻ പദ്ധതി ഉദ്ഘാടനം ബഹു. മൃഗസംരക്ഷണ–ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി നിർവ്വഹിച്ചു

# മെച്ചപ്പെട്ട ജീവിതവും ആരോഗ്യവും പ്രദാനം ചെയ്യുന്ന ഭക്ഷണരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് ഊന്നൽ നൽകും: മന്ത്രി ശ്രീ.പി പ്രസാദ്

ദ്വിതീയ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരാൻ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയായ കേരളഗ്രോ സ്റ്റോറുകളുടെയും ചെറുധാന്യ കൃഷിയും അവയുടെ മൂല്യവർധന ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന മില്ലറ്റ് കഫേകളുടെ ഉദ്ഘാടനവും കൃഷി വകുപ്പ് മന്ത്രി തിരുവനന്തപുരം ഉള്ളൂരിൽ നിർവഹിച്ചു. കഴക്കൂട്ടം എംഎൽഎ ശ്രീ. കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായ ചടങ്ങിൽ ചലച്ചിത്രതാരം മാലാ പാർവതി വിശിഷ്ടാതിഥിയായി പങ്കെടുത്തു. ഇന്ത്യയിൽ ആദ്യമായിട്ടാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ അന്തർദേശീയ നിലവാരമുള്ള ഒരു ബ്രാൻഡ് കൃഷി വകുപ്പിന്റെ ഇടപെടലിലൂടെ സാധ്യമാകുന്നതെന്ന് മന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു.

ഓൺലൈൻ സംവിധാനങ്ങളായ ആമസോൺ, ഫ്ലിപ്കാർട്ട്എന്നീ സ്ഥാപനങ്ങളുമായി ഇടപെട്ട് വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ഓൺലൈൻ മാർക്കറ്റുകൾക്ക് പുറമെ ഗുണമേന്മയുള്ള കർഷകരുടെ ഉൽപ്പന്നങ്ങൾ കേരളത്തിലെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിലാണ് കേരളഗ്രോ ബ്രാൻഡ് ഷോപ്പുകൾ കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിക്കുന്നത്. വിവിധ കൃഷികൂട്ടങ്ങൾ FPO കൾ കർഷക ഗ്രൂപ്പുകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ ഏതാണ്ട് 3000 ത്തോളം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഇതിനോടകം തന്നെ തയ്യാറായിട്ടുണ്ടെന്നും അതിൽ എണ്ണൂറോളം ഉൽപ്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിൽ ഗുണ




ചീഫ് എഡിറ്റർ - എസ്.എ. നിസാം
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മന്ദ കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.



മേന്മ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കൂടാതെകൃഷിക്കൂട്ടങ്ങൾ FPOകൾ എന്നിവയുടെ നേതൃത്വത്തിൽ മില്ലറ്റ്ഉൽപ്പന്നങ്ങൾ, മില്ലറ്റ് പാചക വിഭവങ്ങൾ എന്നിവ മലയാളികളെ പരിചയപ്പെടുത്തുന്ന മില്ലറ്റ് കഫേകളും എല്ലാജില്ലകളിലും പ്രവർത്തനം ആരംഭിക്കും. ഇതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് മില്ലറ്റ് റിസർച്ചിൽ നിന്നും പാചക പരിശീലനവും നൽകും മന്ത്രി കൂട്ടിച്ചേർത്തു.

മില്ലറ്റ് കൃഷിവ്യാപിപ്പിക്കുന്നതോടൊപ്പം മില്ലറ്റ് കർഷകരുടെ വരുമാനവർദ്ധനവ് ഉറപ്പാക്കാനും മില്ലറ്റ് കഫേകൽ ഉപകരിക്കും. അട്ടപ്പാടി മില്ലറ്റ് വില്ലേജിൽ സ്ഥാപിച്ചപോലുള്ള ചെറുധാന്യ സംസ്കരണ യൂണിറ്റ് ആലപ്പുഴയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണെന്നും മന്ത്രി പറഞ്ഞു. അരിയാഹാരംകഴിക്കുന്നമലയാളി അരിയാഹാരം കുറയ്ക്കുന്ന മലയാളിയായി മാറാൻ നമ്മുടെ ജീവിതശൈലി കാരണമായെന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലയിൽ നവീനമായ ഗവേഷണങ്ങളും ജീവിതശൈലിരോഗങ്ങളെ പ്രതിരോധിക്കുന്ന കൃഷിമുറകളും ഭക്ഷണരീതികളും പ്രോത്സാഹിപ്പിക്കുന്ന കൃഷിവകുപ്പിന്റെപ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. പ്രമേഹരോഗത്തെ പ്രതിരോധിക്കുന്നതിന് ഭാഗമായി കഴിഞ്ഞ 6 വർഷമായി മില്ലറ്റ് ഭക്ഷണരീതികളാണ് അനവർത്തിക്കുന്നതെന്നും, ആരോഗ്യം മെച്ചപ്പെടുത്താൻ മില്ലറ്റ് ഉൽപ്പന്നങ്ങൾ വളരെ പ്രയോജനകരമായെന്നും വിശിഷ്ടാതിഥിയായ മാലപാർവ്വതി പറഞ്ഞു. കൃഷിക്കൂട്ടങ്ങൾ, FPOകൾ എന്നിവയ്ക്കാണ് കേരളഗ്രോസ്റ്റോർ, മില്ലറ്റ്കഫേ എന്നിവയുടെ നടത്തിപ്പ് ചുമതല. ഉള്ളൂരിൽ പ്രവർത്തനം ആരംഭിച്ച കേരള ഗ്രോസ്റ്റോർഗാർഡൻറോസ്സ് കൃഷിക്കൂട്ടത്തിന്റെയും, മില്ലറ്റ്കഫേ ഹരിതോദയം കൃഷിക്കൂട്ടത്തിന്റെയും നേതൃത്വത്തിലാണ് പ്രവർത്തന സജ്ജമാക്കിയത്. ചടങ്ങിന് കൃഷിഅഡിഷണൽ ഡയറക്ടർ ശ്രീമതിമിനി. റ്റി. ഡി. സ്വാഗതവും, കൃഷിഅഡിഷണൽ ഡയറക്ടർ സുനിൽ എ.ജെ. നന്ദി പ്രകാശിപ്പിച്ചു.



# കൃഷി വകുപ്പ് മീറ്റിംഗുകളിൽ സുതാര്യതയുമായി കൃഷി വകുപ്പിന്റെ വെളിച്ചം പദ്ധതി: ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി നിർവ്വഹിക്കും

സർക്കാരിലുള്ള പൊതുജന വിശ്വാസം വർദ്ധിപ്പിക്കുക, കൃഷി വകുപ്പിൻറെ വിവിധ decision-making പ്രക്രിയകളിൽ പൗരപങ്കാളിത്തം വർധിപ്പിക്കുക, കൂടുതൽ സുതാര്യത ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടു കൊണ്ട് കൃഷി നടപ്പിലാക്കുന്ന പദ്ധതി ആണ് 'VELICHAM - Virtual Engagement for Leveraging Interactive Community Honed Agriculture Management'. കൃഷി വകുപ്പിന്റെ തെരഞ്ഞെടുക്കപ്പെട്ട യോഗങ്ങളുടെ പൊതു പ്രക്ഷേപണം നടത്തുന്നതിനുള്ള 'Public Streaming of Selected Meetings in the Agriculture Department ' പദ്ധതി, പൊതുജന വിശ്വാസം വളർത്തുക, പൗര പങ്കാളിത്തം വർധിപ്പിക്കുക, വകുപ്പ് നടത്തുന്ന തീരുമാനമെടുക്കൽ പ്രക്രിയകളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

സർക്കാരിന്റെ പ്രവർത്തനങ്ങളിൽ വളരെ അത്ഭുതപൂർവമായ ഈ പദ്ധതിയിലൂടെ കൃഷി വകുപ്പിന്റെ തെരഞ്ഞെടുക്കപ്പെട്ട യോഗങ്ങൾ പൊതു പ്രക്ഷേപണം ചെയ്യപ്പെടുന്ന എന്നതിൽ ആശങ്കപ്പെടേണ്ടതില്ല. യോഗങ്ങളുടെ രഹസ്യ സ്വഭാവവും, സ്വകാര്യതയും ഉറപ്പാക്കിയാണ് ഈ പദ്ധതി തയാറാക്കിയിട്ടുള്ളത്. രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന യോഗങ്ങൾ പ്രക്ഷേപണം ചെയ്യുന്നതല്ല. കൂടാതെ യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരെയും യോഗം പ്രക്ഷേപണം ചെയ്യപ്പെടുന്നതാണ് എന്ന വിവരം യോഗത്തിൽ പങ്കെടുക്കുന്നതിനു മുന്നോടിയായി അറിയിക്കുയും, അവരുടെ സമ്മതം വാങ്ങുകയും ചെയ്യുന്നതാണ്. സുതാര്യത, ഉത്തരവാദിത്തം, പൊതുജന പങ്കാളിത്തം എന്നിവ ലക്ഷ്യമിട്ടാണ് യോഗങ്ങൾ പ്രക്ഷേപണം നടത്താനുദ്ദേശിക്കുന്നത്. ഇതിലൂടെ ജനങ്ങൾക്ക് വകുപ്പിന്റെ തീരുമാനമെടുക്കൽ പ്രക്രിയകൾ നിരീക്ഷിക്കുവാനും അതിൽ പങ്കാളികളാകാനും സാധിക്കുന്നു.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും വർധിപ്പിക്കുക.
- തീരുമാന പ്രക്രിയകളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുക.
- സജീവമായ പൗരപങ്കാളിത്തം, ഫീഡ്ബാക്ക് എന്നിവ പ്രോത്സാഹിപ്പിക്കുക.
- സംരഭകർക്കിടയിൽ വിശ്വാസം, ആത്മവിശ്വാസം എന്നിവ വളർത്തിയെടുക്കുക.

പ്രക്ഷേപണം തെരഞ്ഞെടുക്കപ്പെട്ട പൊതുജന താൽപര്യമുള്ള യോഗങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്തും. പ്രാരംഭ ഘട്ടത്തിൽ ചുവടെ ചേർക്കുന്ന ഇനങ്ങളിൽ ഉൾപ്പെട്ട ഓൺലൈനായി നടത്തപ്പെടുന്ന യോഗങ്ങൾ പ്രക്ഷേപണത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്.

i. വകുപ്പ് തല അവലോകന യോഗങ്ങൾ
ii. സർക്കാർ നയങ്ങൾ സംബന്ധിച്ച ചർച്ചകൾ
iii. കർഷക സംഘടനകളുമായുള്ള യോഗങ്ങൾ
iv. വകുപ്പിന്റെ പുതിയ നയങ്ങളും പദ്ധതികളും സംബന്ധിച്ച Public Consultations
v. കൃഷി വകുപ്പിന്റെ പ്രധാന പദ്ധതികൾ/സംരഭങ്ങൾ സംബന്ധിച്ച യോഗങ്ങൾ

### പദ്ധതി മൂലമുള്ള നേട്ടങ്ങൾ

i. പൊതുജന അവബോധം വർദ്ധിക്കുന്നു- യോഗങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിലൂടെ പൊതുജനങ്ങൾക്ക് സർക്കാർ പ്രവർത്തനങ്ങൾ എങ്ങനെയാണെന്ന് ഭാഗികമായെങ്കിലും മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ/ഡയറ്കടറേറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പൊതുജന അവബോധം വർധിപ്പിക്കാൻ സഹായകരമാകുന്നു. .

ii.പൊതുജന ഇടപെടൽ: പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് സാദ്ധ്യമാകും. അതിലൂടെ മികച്ച പൊതുജന പങ്കാളിത്തവും സാധ്യമാകുന്നു.

iii. ക്രിയാത്മകമായ പ്രതികരണങ്ങൾ: പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ക്രിയാത്മകമായ നിർദേശങ്ങളും അഭിപ്രായങ്ങളും നയ രൂപീകരണം/ പദ്ധതി നടപ്പാക്കല് പ്രക്രിയകളെ മെച്ചപ്പെടുത്താന് സഹായകരമാകുന്നു.

ഉദ്യോഗസ്ഥർക്ക് ഏതൊക്കെ യോഗങ്ങൾ പ്രക്ഷേപണം ചെയ്യപ്പെടണമെന്നത് തീരുമാനിക്കുന്നതിനുള്ള ഓപ്ഷൻ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. വിവരാവകാശ നിയമത്തിനു കീഴിലുള്ള Proactive discloure ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. ഈ രീതിയിൽ സർക്കാർ പ്രവത്തനങ്ങളിൽ പൊതുജന പങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കിക്കൊണ്ട് പ്രവത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് 'VELICHAM - Virtual Engagement for Leveraging Interactive Community Honed Agriculture Management ' എന്ന ഈ നൂതന പദ്ധതി സഹായകരമാകുന്നു.

# സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് സംഘടിപ്പിച്ച നാഷണൽ വർക്ക്ഷോപ്പ് കൃഷിവകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു



ദേശീയ/അന്തർദേശിയ തലത്തിൽ കാർഷിക വിപണന മേഖലയിലെ ന വീനആശയങ്ങളും സാങ്കേതിക വിദ്യയിലെ സാധ്യതകളും കേരളത്തിലെ സാഹചര്യത്തിൽ കൃഷിയിടങ്ങളിൽ പ്രായോഗികമായ തരത്തിൽ ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യതകൾ ചർച്ചചെയ്യുന്നതിന് സംഘടിപ്പിച്ച നാഷണൽവർക്ക് ഷോപ്പ് ഓൺമാർക്കറ്റ് ഇന്റലിജൻസ് ആൻഡ് ഡിജിറ്റൽ ഇന്നോവേഷൻസ് പരിപാടി മസ്ക്കറ്റ് ഹോട്ടലിൽ കൃഷിവകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ് ഉദ്ഘാടനം നിർവ്വഹിച്ചു. കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ സംസ്ഥാന സർക്കാർ വിവിധങ്ങളായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്നും 4 പ്രധാനപ്പെട്ടമേഖലകളിലാണ് കൃഷിവകുപ്പ് നിലവിൽ ശ്രദ്ധ കേന്ദ്രികരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ഭക്ഷ്യസുരക്ഷയും പോഷകാഹാര ലഭ്യതയുംഉറപ്പാക്കുക, കാലാവസ്ഥ അനുരൂപ സുസ്ഥിരകാർഷിക വികസനം, കാർഷിക മൂല്യവർദ്ധിത ശൃംഖല ശക്തിപ്പെടുത്താൻ, കാർഷികമേഖലയുടെ ഡിജിറ്റലൈസഷൻ എന്നിവയാണവ. കഴിഞ്ഞ മൂന്ന് വർഷത്തിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന മന്ത്രി പറഞ്ഞു. കാലാവസ്ഥ അനുരൂപ കൃഷി അനുബന്ധമേഖലയിൽ അടുത്ത 5 വർഷങ്ങളിലായി 2400 കോടിയോളം ചെലവിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്ക് കൃഷിവകുപ്പിന് അനുമതി ലഭിച്ചിട്ടുള്ളതായി കൃഷിമന്ത്രി അറിയിച്ചു. സംസ്ഥാന കാർഷിക വിലനിർണ്ണയബോർഡ് ചെയർമാൻ ഡോ.പി.രാജശേഖരൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ തമിഴ്നാട് കാർഷിക സർവകലാശാല കാർഷിക വിജ്ഞാന വ്യാപന വകുപ്പ് പ്രൊഫസർ&ഹെഡ്ഡോ. കെ.ആർ. അശോക് അധ്യക്ഷനായിരുന്നു. ദേശിയതലത്തിൽ ഈ വിഷയങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന ഡോ. രാകാസക് സേന (പ്രിൻസിപ്പൽസയന്റിസ്റ്റ് NIAEPR, ICAR ന്യൂഡൽഹി), ഡോ. ആർ.എസ്. പുന്തിർ (ഡീൻ IAMI, ഗുജറാത്ത്), ഡോപുരുഷോത്തം ശർമ്മ (NIAEPR, ICAR ന്യൂഡൽഹി), ശ്രീ. നാളിൻറാവൽ (അഗ്രിവാച്ച്ഡയറക്ടർ) തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.



# മൃഗസംരക്ഷണത്തിന് കൈത്താങ്ങായി കുടുംബശ്രീ വനിതകൾ

സംസ്ഥാനത്ത് കുടുംബശ്രീ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത നാന്നൂറ്റി മുപ്പത്തിഒൻപത് പേർ "എ ഹെൽപ്പ്" പരിശീലനം പൂർത്തിയാക്കിമൃഗസംരക്ഷണ മേഖലയ്ക്ക് മുതൽക്കൂട്ടായി മാറുന്നു.കുടുംബശ്രീ തിരഞ്ഞെടുത്തു നൽകുന്ന പശുസഖിമാർക്ക് പതിനാറു ദിവസത്തെ എ ഹെൽപ്പ് പരിശീലനം നൽകുന്നത് മൃഗസംരക്ഷണ വകുപ്പാണ്.

പതിനേഴാം ദിവസം നാഷണൽ അക്കാഡമി ഓഫ് റഡ്സെറ്റിയാണ് ഇവർക്ക്അക്രഡിറ്റഡ്ഏജന്റ് ഫോർ ഹെൽത്ത് ആന്റ് എക്സ്റ്റൻഷൻ ഇൻ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻഅഥവാ എ ഹെൽപ്പായിഅക്രഡിറ്റേഷൻ നൽകുന്നത്. ദേശീയതലത്തിൽ എ ഹെൽപ്പ് പരിശീലനത്തിന് ചുക്കാൻ പിടിയ്ക്കുന്നത് ദേശീയ ക്ഷീരവികസന ബോർഡാണ്.കേരളത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്ന്, തിരുവല്ല, തലയോലപ്പറമ്പ്, വാഗമൺ, ആലുവ, മലമ്പുഴ, മുണ്ടയാട്, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളിൽ വച്ചാണ് പരിശീലനം നടത്തുന്നത്. ഗുജറാത്തിലെ



കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ വച്ച് നടക്കുന്ന എ ഹെൽപ്പ് പരിശീലനത്തിനെത്തിയ കുടുംബശ്രീ വനിതകളുമായി ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി സംവദിക്കുന്നു.അഡീഷണൽ ഡയറക്ടർ ഡോ സിന്ധു കെ, പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ ഡോ ആർ സുനിൽകുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഡോ ദിലീപ് ചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.

ദേശീയ ക്ഷീരവികസന ബോർഡിൽ വച്ച് പ്രത്യേക പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാരാണ് എ ഹെൽപ്പിനെ പരിശീലിപ്പിയ്ക്കുന്നത്.

കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന എ ഹെൽപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് വരുമാനം ഉറപ്പാക്കുന്നതിനും, ഒപ്പം, പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനം കൂട്ടുന്നതിനും ലക്ഷ്യമിടുന്നു.മൃഗസംരക്ഷണമേഖലയിലെ വിവിധ പ്രവർത്തനങ്ങൾ കർഷകരുടെ അടുക്കൽ എത്തിയ്ക്കുകയും, കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയുമാണ് എ ഹെൽപ്പു കൊണ്ട് ഉദ്ദേശിയ്ക്കുന്നത്. വളർത്തുമൃഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും, പാലുൽപ്പാദന വർദ്ധനവിനും സഹായിയ്ക്കുന്ന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്ന ഏജന്റുമാർകൂടിയാണ് എ ഹെൽപ്പ്.

# കേരള കാർഷിക സർവ്വകലാശാലയിൽ യുവ കർഷിക പ്രൊഫെഷണലുകൾക്കുള്ള ദേശീയ പരിശീലന പരിപാടിക്ക് തുടക്കമായി

യുവ കർഷിക പ്രൊഫെഷണലുകൾക്കുള്ള "കൃഷി വിപുലീകരണത്തിൽ പുതിയ കഴിവുകൾ, തൊഴിൽ അവസരങ്ങൾ, ഗവേഷണ മുൻഗണനകൾ" എന്ന വിഷയത്തിൽ ദേശീയ പരിശീലന പരിപാടിക്ക് (ദേശീയ യുവ പ്രൊഫഷണൽ വികസന പരിപാടി (NYPDP)) തൃശ്ശൂർ, കേരള കാർഷിക സർവകലാശാലയിൽ തുടക്കമായി. കർഷിക വിപുലീകരണ ഗവേഷണം, നയം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിലെ പുതു പ്രവണതകൾ, കർഷിക പ്രൊഫെഷണലുകൾക്ക പരിചയപ്പെടുത്തുന്നതാണ് ഹൈദരാബാദിലെ ദേശീയ കൃഷി വിപുലീകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (MANAGE) കെഎയുവുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന് ഒരു ആഴ്ചക്കാലത്തെ ഈ പരിപാടിയുടെ ലക്ഷ്യം. കേരള സംസ്ഥാന പ്ലാനിങ് ബോർഡ് അംഗവും കാർഷിക സർവ്വകലാശാല പ്രൊഫസറും ആയ ഡോ. ജിജു പി. ആലക്സ് പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. വികസന അവസരങ്ങൾക്കും കഴിവുകൾക്കും വേണ്ടിയുള്ള നയ രൂപകൽപ്പനയും പദ്ധതിരൂപീകരണവും




ആവശ്യമാണെന്ന് അദ്ദേഹംപറഞ്ഞു. . കാർഷിക മേഖലയിലെ വിവിധ രംഗങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുന്നതിനു യുവ പ്രൊഫഷണലുകൾ സജ്ജരാക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. MANAGE ഡയറക്ടറും NYPDP പ്രോഗ്രാം ഡയറക്ടറുമായ ഡോ. സരവണൻ രാജ്, ആഗോള തൊഴിൽ മാർക്കറ്റിന്റെ ആവശ്യങ്ങൾക്കനുസരിച്ച് കർഷിക വിദ്യാർത്ഥികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന്റെ പ്രാധാന്യം തന്റെ പ്രഭാഷണത്തിൽ എടുത്ത് പറഞ്ഞു. രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ, ഡയക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജേക്കബ് ജോൺ, പ്രൊഫസർ ആൻഡ് ഹെഡ്, കമ്യൂണിക്കേഷൻ സെൻറർ ഡോ. ബിനു പി. ബോണി, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേധാവി ഡോ. എസ്. ഹെലൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. ഒക്ടോബർ 5 വരെ നടക്കുന്ന പരിപാടിയിൽ രാജ്യമെമ്പാടു നിന്നുമുള്ള 50-ലധികം യുവ പ്രൊഫഷണലുകൾ പങ്കെടുക്കുന്നുണ്ട്. ഡോ.എസ്.ഹെലൻ പ്രൊഫസർ ആൻഡ് ഹെഡ്, ഡോ. ദർശന,അസിസ്റ്റന്റ് പ്രൊഫെസ്സർ എന്നിവരുടെ നേതൃത്വത്തിലാണ് കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CTI) ഉപകേന്ദ്രമായ കർഷകഭവനത്തിൽ വച്ചു പരിപാടി സംഘടിപ്പിക്കുന്നത്

# റബ്ബർബോർഡ് കാംപെയ്ൻ ഉദ്ഘാടനം ചെയ്തു

റബ്ബർബോർഡ് നടത്തുന്ന തീവ്രപ്രചാരണപരിപാടി (കാംപെയ്ൻ 2024)-യുടെ ഉദ്ഘാടനം റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.വസന്തഗേശൻ ഐആർഎസ് ഫെയ്സ്ബുക്ക് ലൈവിലൂടെ നിർവഹിച്ചു. പരമ്പരാഗത റബ്ബർമേഖലകളിൽ 'ആവർത്തനക്കൃഷിയിലൂടെ നേട്ടം കൊയ്യാം' (Replant and Reap Rewards) എന്ന സന്ദേശത്തിനും പാരമ്പര്യേതര റബ്ബർകൃഷിമേഖലകളിലും വടക്കുകിഴക്കൻ മേഖലകളിലും 'സുസ്ഥിരവികസനത്തിന് പ്രകൃതിദത്തറബ്ബർകൃഷി' (Natural Rubber Cultivation for Sustainable Development) എന്ന സന്ദേശത്തിനും മുൻതൂക്കം നൽകിക്കൊണ്ടാണ് തീവ്രപ്രചാരണപരിപാടികൾ സംഘടിപ്പിക്കുന്നത്. ഒക്ടോബർ 07 മുതൽ 2025 ഫെബ്രുവരി 15 വരെയുള്ള കാലയളവിൽ രാജ്യത്തുടനീളമായി ഏകദേശം 1000 തീവ്രപ്രചാരണപരിപാടികളാണ് ബോർഡ് സംഘടിപ്പിക്കുന്നത്.

പ്രായംചെന്നതും ആദായം ക



റഞ്ഞതുമായ മരങ്ങൾ മുറിച്ചുമാറ്റി ഉത്പാദനക്ഷമത കൂടിയ ഇനങ്ങൾ വെച്ചുപിടിപ്പിക്കുക., ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുക, മികച്ച കൃഷിരീതികൾ നടപ്പാക്കുക, തോട്ടം ദത്തെടുക്കൽ, ഇ.യു.ഡി.ആർ. (European Union Deforestation Regulation -EUDR) ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക, റബ്ബർകൃഷിയിലൂടെയുള്ള നേട്ടങ്ങൾ, സ്വയം ടാപ്പിങ്, തുടങ്ങി വിവിധ വിഷയങ്ങൾ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടും.

# കേരളാ ചിക്കൻ പദ്ധതി ഉദ്ഘാടനം

## ബഹു. മൃഗസംരക്ഷണ – ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി നിർവ്വഹിച്ചു



സംസ്ഥാന സർക്കാരിൻ്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ചുള്ള നാലാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവിൻ്റെ കീഴിലുള്ള "കേരളാ ചിക്കൻ പദ്ധതി " പ്രകാരം ഹൈടെക് ബ്രോയിലർ ബ്രീഡർ ഷെഡിൻ്റെ പൂർത്തീകരണത്തിനും, അതിനോട് അനുബന്ധിച്ചുള്ള സെറ്റർ- ഹാച്ചർ യൂണിറ്റുകൾക്കുമായി 1,87,51,803/- രൂപയും, ചെലവായിട്ടുള്ളത്.

പ്രസ്തുത പദ്ധതിയുടെ ഉൽഘാടനവും, സ്വിച്ചോൺ കർമ്മവും 04/10/2024 വെള്ളിയാഴ്ച ഉച്ചക്ക് 12.00 മണിക്ക് ബഹു. വട്ടിയൂർകാവ് എം.എൽ.എ അഡ്വ.വി.കെ പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ബഹു. മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി അവർകൾ നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ കെപ്കോ ചെയർമാൻ പി.കെ മൂർത്തി സ്വാഗതം പറയുകയും, കെപ്കോ മാനേജിംഗ് ഡയറക്ടർ ഡോ: പി.സെൽവ കുമാർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഡോ. സിന്ധു, ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, ഡോ:ബി.അജിത് ബാബു, ജോയിൻ്റ് ഡയറക്ടർ പൗൾട്രി, മൃഗസംരക്ഷണ വകുപ്പ്, ശ്രീമതി. സീന വഹാബ്, റീജിയണൽ എഞ്ചിനീയർ നിർമ്മിതി കേന്ദ്രം, ഡോ. സുനിൽ കുമാർ.ആർ, പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ, എൽ.എം.റ്റി.സി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഡോ.ലക്ഷ്മി.എസ്, മാനേജർ, ബ്രോയിലർ ബ്രീഡർ ഫാം കൃതജ്ഞത രേഖപ്പെടുത്തി.



# 'ആരോഗ്യമുള്ള മണ്ണും സംയോജിത വളപ്രയോഗവും' സെമിനാർ

പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം,FACT Ltd എന്നിവർ സംയുക്തമായി പട്ടാമ്പി, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച "ആരോഗ്യമുള്ള മണ്ണും സംയോജിത വളപ്രയോഗവും" എന്ന വിഷയത്തിൽ കർഷക സെമിനാർ സംഘടിപ്പിച്ചു.എല്ലാ ജീവജാലങ്ങളുടെയും അടിസ്ഥാനപരമായ ഘടകം മണ്ണ് തന്നെയാണെന്നും ഇത് സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്നും സെമിനാർ ഉദ്ഘാടനം ചെയ്തു കൊണ്ട് പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോസിയേറ്റ് ഡയറക്ടർ ഡോ.പി. രാജി സംസാരിച്ചു.




കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോഡിനേറ്റർ ഡോ.കെ. വി.സുമിയ സ്വാഗതം പറഞ്ഞ ചടങ്ങിൽ FACT Ltd സോണൽ മാനേജർ ശ്രീ ബി. ശിവചന്ദ്രൻ,FACT Ltd സെയിൽസ് മാനേജർ ശ്രീ അമൽ, എന്നിവർ സംസാരിച്ചു. പാലക്കാട് ജില്ലക്കകത്തും പുറത്തുനിന്നുമായി നൂറിൽപരം കർഷകർ പങ്കെടുത്ത സെമിനാറിൽ മണ്ണ് പരിശോധനയുടെ പ്രാധാന്യം, സംയോജിത വള പ്രയോഗം, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, മണ്ണ്-ജല സംരക്ഷണം എന്നീ വിഷയങ്ങളിലായി ഡോ. വി. തുളസി,ഡോ. പി. പി മൂസ,ശ്രീ.അരുൺ താഴത്ത്,ശ്രീമതി. കെ.കെ.പ്രവീണ, എന്നിവർ വിഷയാവതരണം നടത്തി.

# 'ഒപ്പം' ആദിവാസി ഉപജീവനസഹായ പദ്ധതി: ബാലവേദി രൂപീകരണവും നാടൻപാട്ട് പരിശീലന കളരിയും

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 'ഒപ്പം' ആദിവാസി ഉപജീവന സഹായ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വേണ്ടി ചെമ്പട്ടിവായനശാലയുടെ കീഴിൽ ബാലവേദി രൂപീകരിച്ചു. ബാലവേദിയുടെ പ്രസിഡന്റ് ആയി അർച്ചന ചന്ദ്രനെയും, സെക്രട്ടറിയായി കൃഷ്ണപ്രിയയെയും, ട്രഷറർ ആയി അപർണ്ണചന്ദ്രനെയും തെരഞ്ഞെടുത്തു.

ഇതോടനുബന്ധിച്ച് കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാവ് ശ്രീ എ.സി. മാത്യൂസിന്റെ നേതൃത്വത്തിൽ നാടൻ പാട്ടുകളുടെ പരിശീലനവും ചെമ്പട്ടിയിൽ നടന്നു. സർവ്വകലാശാല റിസർച്ച് അസിസ്റ്റന്റ്ജിപ്സജഗദീഷുംപങ്കെടുത്തു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh